# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - **318**

11.11.2019-ലെ മറുപടിക്ക്

**<u>നെതർലാൻഡ്സിൽ കേരളത്തിൽ നിന്നുള്ള നഴ്സുമാരുടെ സേവനം</u>**

| **<u>ചോദ്യം</u>**<br>ശ്രീ.പി.സി.ജോർജ് | **<u>മറുപടി</u>**<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) നെതർലാൻഡ്സിന് കേരളത്തിൽ നിന്നുള്ള നഴ്സുമാരുടെ സേവനം മുഖ്യമന്ത്രി ഉറപ്പുനൽകിയെന്ന വാർത്ത ശരിയാണോ; എങ്കിൽ എന്തടിസ്ഥാനത്തിലാണ് ഇത്തരമൊരു ഉറപ്പ് നൽകിയതെന്ന് വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) ബഹു.മുഖ്യമന്ത്രി നെതർലാൻഡ് അംബാസഡറുമായി 31.07.2019-ൽ ന്യൂഡെൽഹി കേരള ഹൗസിൽ വച്ച് നടന്ന കൂടിക്കാഴ്ചയിൽ തൊഴിൽ വിപണിയിലെ അപര്യാപ്തത സംബന്ധിച്ച നെതർലാൻഡ് അംബാസഡറുടെ പരാമർശത്തിന് മറുപടിയായി നെതർലാൻഡ് സർക്കാർ ആവശ്യപ്പെടുന്നതനുസരിച്ച് കേരളത്തിൽ നിന്നുള്ള നഴ്സുമാരുടെ സേവനം ലഭ്യമാക്കാമെന്ന് ബഹു.മുഖ്യമന്ത്രി അറിയിച്ചിരുന്നു. ഇത് പൊതുവായ ചർച്ച മാത്രമായിരുന്നു. ഈ വിഷയത്തിൽ ഔദ്യോഗിക കരാറുകൾ ഒന്നും തന്നെ ഒപ്പ് വച്ചിട്ടില്ല. നഴ്സുമാരുടെ ആവശ്യകത സംബന്ധിച്ച് കേരള സർക്കാരിന്റെ നോർക്ക വകുപ്പുമായോ, റസിഡന്റ് കമ്മീഷണറുമായോ ബന്ധപ്പെടാവുന്നതാണെന്നും ബഹു.മുഖ്യമന്ത്രി നെതർലാൻഡ് അംബാസഡറെ അറിയിച്ചിരുന്നു. തുടർന്ന് 29.08.2019-ൽ നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും നെതർലാൻഡ് അംബാസഡറുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. ടി ചർച്ചയിൽ പ്രസ്തുത രാജ്യത്തെ തൊഴിൽ മേഖലയിൽ തദ്ദേശീയരായ ആളുകൾക്കാണ് പ്രഥമ പരിഗണന നൽകുന്നതെന്നറിയിച്ചു. രണ്ടാമത്തെ പരിഗണന യൂറോപ്യൻ യൂണിയനിൽ ഉൾപ്പെട്ട രാജ്യങ്ങളിൽ |

| | | | |
|---|---|---|---|
| | | | നിന്നുള്ളവർക്കാണെന്നും, അതിനു ശേഷം മാത്രമേ മറ്റ് രാജ്യങ്ങളിൽ നിന്നുള്ളവരെ പരിഗണിക്കുന്നുള്ളുവെന്നും അറിയിച്ചിട്ടുണ്ട്. |
| (ബി) | തുടർനടപടികളുടെ ഭാഗമായി സംസ്ഥാന സർക്കാർ നെതർലാൻഡ്സിലേയ്ക്ക് ഇതു സംബന്ധിച്ച് എന്തെങ്കിലും കത്ത് അയച്ചിരുന്നോ; ആയതിന് നെതർലാൻഡ്സിൽനിന്നും എന്തെങ്കിലും മറുപടി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ലഭ്യമായ മറുപടി അറിയിക്കുമോ; | (ബി) | തുടർനടപടികൾ സ്വീകരിക്കുന്നതിനായി സംസ്ഥാന സർക്കാരിന് വേണ്ടി ചീഫ് സെക്രട്ടറി നെതർലാന്റ്സ് അംബാസഡർ ശ്രീ.മാർട്ടിൻ വാൻ ഡെൻ ബർഗിന് കത്ത് അയച്ചിരുന്നു. ഇതിനെത്തുടർന്ന് നെതർലാൻഡ്സ് അംബാസഡറിൽ നിന്നും മറുപടി ലഭിച്ചിരുന്നു. യൂറോപ്യൻ യൂണിയന് പുറത്തുള്ള രാജ്യങ്ങളിൽ നിന്നും തൽക്കാലം ആരോഗ്യ രംഗത്ത് തൊഴിലാളികളെ ആവശ്യമില്ലെന്നാണ് അറിയിച്ചിട്ടുള്ളത്. |
| (സി) | നെതർലാൻഡ്സിലെ ജോലിയിൽ പ്രവേശിക്കുന്നതിന് ഡച്ച് ഭാഷയിലുള്ള പ്രാവീണ്യം നിർബന്ധമാണോ; ഡച്ച് ഭാഷയിൽ പ്രാവീണ്യം നൽകുന്നതിന് പരിശീലനം നൽകുന്ന ഏതെങ്കിലും സ്ഥാപനങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ടോ; വിശദമാക്കാമോ; | (സി) | നെതർലാൻഡ്സിലെ ജോലിയിൽ പ്രവേശിക്കുന്നതിന് ഡച്ച് ഭാഷയിലുള്ള പ്രാവീണ്യം നിർബന്ധമാണ്. കേരളത്തിൽ ഡച്ച് ഭാഷയിൽ പ്രാവീണ്യം നൽകുന്നതിന് പരിശീലനം നൽകുന്ന സ്ഥാപനങ്ങളെക്കുറിച്ചുള്ള വിവരം ലഭ്യമല്ല. |
| (ഡി) | നിയമന നടപടികൾ നോർക്ക വകുപ്പ് മുഖേനയാണോ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്; അതോ മറ്റേതെങ്കിലും ഏജൻസി മുഖേനയാണോ; വിശദമാക്കാമോ? | (ഡി) | ഉദ്യോഗാർത്ഥികളെ റിക്രൂട്ട് ചെയ്യുന്നത് സംബന്ധിച്ച് നെതർലാൻഡ്സ് സർക്കാരിൽ നിന്നും അനുകൂല തീരുമാനം ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ